സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം ഒപ്പനയിൽ എ ഗ്രേഡ് നേടിയ ആലപ്പുഴ സെന്റ് ജോസഫ്സ് ജിഎച്ച്എസ്.

കല, കായലല

ഹൈസ്കൂൾ വിഭാഗം ചവിട്ടുനാടകത്തിൽ മലപ്പുറം ഇരിമ്പിളിയം എംഇഎസ് എച്ച്എസ്എസിലെ എം.കീർത്തന പ്ലോരിപ്പീസിന്റെ വേഷത്തിൽ അരങ്ങിലെത്തിയപ്പോൾ.

കല്ലുകടിക്കും കർട്ടനുയർന്നു

ആലപ്പുഴ● നാടൻപാട്ടു മൽസരം തുടങ്ങുന്നതിനു മുൻപേ മൽസരാർഥികൾ ചോദിച്ചു. സ്റ്റേജിനെന്തേ കർട്ടനില്ലാത്തത്?

കർട്ടൻ വേണമെന്നാവശ്യപ്പെട്ടപ്പോൾ അധികം വൈകാതെ ശരിയാക്കാമെന്നായി സംഘാടകർ. ഒൻപതരയായപ്പോൾ സംഘാടകരിലൊരാൾ പറഞ്ഞു: കർട്ടനില്ല, വേണമെങ്കിൽ പാടിയാൽ മതി. ആദ്യസംഘത്തെ വേദിയിൽ കയറ്റുകയും ചെയ്തു.

അങ്ങനെ വിടാൻ പറ്റില്ലെന്നായി നാടൻപാട്ടുകാർ. അവർ വട്ടംകൂടി നിന്നു പ്രതിഷേധപ്പാട്ടു തുടങ്ങി.

സംഘാടകരിലൊരാൾ ഒടുക്കം വിധികർത്താക്കളുടെ ഉപദേശം തേടി: കർട്ടൻ വേണോ, വേണ്ടയോ? കർട്ടൻ ഉള്ളതാണു നല്ലതെന്നായി അവരുടെ വിധി.

ഒടുവിൽ ഒരുമണിക്കൂറുകൊണ്ട് കർട്ടനെത്തി. പ്രതിഷേധപ്പാട്ടു നിന്നു. മൽസരം തുടങ്ങുമ്പോൾ നാട്ടുസമയം ഏതാണ്ട് 11.30. തിരുവമ്പാടി ഗവ. യുപി സ്കൂൾ ആയിരുന്നു അരങ്ങ്.

കലോത്സവത്തിനിടയിലെ മറ്റുചില കല്ലുകടികൾ

- അറബിക് പദ്യം ചൊല്ലൽ നടന്ന ഗവ. മോഡൽ ഗേൾസ് സ്കൂളിൽ തുടക്കം പാളിയത് ടൈമിങ് ബൾബില്ലാത്തതിനാൽ. മൽസരം തുടങ്ങാനായി കുട്ടികൾക്കു ചെസ്റ്റ് നമ്പർ നൽകിക്കഴിഞ്ഞപ്പോഴാണ് സമയക്രമത്തിന്റെ മുന്നറിയിപ്പു നൽകാനുള്ള ഓറഞ്ച്, ചുവപ്പ് ബൾബുകൾ വേദിയിൽ ക്രമീകരിച്ചിട്ടില്ലെന്നു മനസിലായത്. പിന്നെ പരക്കംപാച്ചിലായി. ഒരു മണിക്കൂറോളം കാത്തുനിൽപ്പ്. ഒടുവിൽ ഇരുചക്രവാഹനത്തിൽ ബൾബ് സെറ്റുമായി രക്ഷകൻ പാഞ്ഞെത്തി. മൽസരവും തുടങ്ങി.
- മൽസരാർഥികൾ എത്താൻ വൈകിയതിനാൽ എസ്ഡിവി സെന്റിനറി ഹാളിലെ എച്ച്എസ്എസ് വിഭാഗം മോഹിനിയാട്ടം രണ്ടു മണിക്കൂർ വൈകിയാണ് തുടങ്ങിയത്. രണ്ടാം ക്ലസ്റ്ററിലെ മൽസരാർഥികൾ എത്തിയിട്ടും ഒന്നാം ക്ലസ്റ്ററിലെ അംഗങ്ങൾ എത്താഞ്ഞതാണ് സംഘാടകരെ കുഴക്കിയത്. ഇടയ്ക്ക് വേദിയിൽ വൈദ്യുതി തടസപ്പെട്ടതും മൽസരം വൈകാൻ കാരണമായി.
- ടിഡി സ്കൂളിലെ വേദിയിൽ തിരുവാതിര വൈകിയത് 2 ടീമുകൾ എത്താൻ വൈകിയതിനെത്തുടർന്ന്.
- വൃന്ദവാദ്യമത്സരങ്ങളിൽ സൗണ്ട് സിസ്റ്റത്തിനു നിലവാരമില്ലെന്നു പരാതിയുയർന്നു. സ്റ്റേജിൽ വായിക്കുന്നത് കൃത്യമായി പുറത്തു കേൾക്കാത്ത അവസ്ഥയുണ്ടായി. ഇതു ശരിയാക്കാൻ ഏറെ സമയമെടുത്തു.
- ഒപ്പന നടന്ന, ലജനത്തുൽ മുഹമ്മദീയ എച്ച്എസ്എസിലെ വേദിക്കു വീതി കുറവാണെന്ന പരാതിയുണ്ടായി.
- മോണോആക്ട് നടന്ന വേദിയിൽ ശബ്ദക്രമീകരണം തകരാറിലായതു പ്രശ്നമായി.
- ഗതാഗതക്കുരുക്കു കാരണം മത്സരാർഥികളിൽ പലരും വേദികളിലെത്താൻ വൈകി.
- കുച്ചിപ്പുഡി വേദിയിൽ നർത്തകരുടെ കാൽ ടാർപ്പായയിൽ തെന്നുന്നതായി പരാതിയുണ്ടായി.
- ലിയോ തേർട്ടീൻത് എച്ച്എസ്എസിലെ വേദിയോടു ചേർന്നുള്ള ഗ്രീൻ റൂമിൽ അസഹനീയമായ ചൂട് കാരണം ഊഴം കാത്തിരിക്കുന്ന വിദ്യാർഥികൾ തളർന്നു.

ഹയർസെക്കൻഡറി വിഭാഗം മോഹിനിയാട്ടത്തിൽ എ ഗ്രേഡ് നേടിയ ആലപ്പുഴ ഹരിപ്പാട് ഗവ ജിഎച്ച്എസ്എസിലെ എസ്.ദേവിക.

രാജസദസ്സിൽനിന്ന് ചവിട്ടുനാടകം വീട്ടുകത്തളത്തിലേക്ക്

'ഇമ്പമേറും നിൻ മുഖം കണ്ടുപോകാൻ വന്നു ഞാൻ അനുമതിക്കായ്...' ഒരാങ്ങള പെങ്ങളോടു യാത്ര ചോദിക്കുകയാണ്. 'ധീരരെന്നഹങ്കരിക്കും കോമളർ ഭാര്യമാരെ സമരബന്ധനസ്ഥരാക്കി ആമയമില്ലാതെ വാഴേ...' പെങ്ങൾ ആശംസിക്കുന്നു.

യുദ്ധപ്പുറപ്പാടിന്റെയും ജൈത്രയാത്രകളുടെയും ആവർത്തനമായ ചവിട്ടുനാടക വേദിയിൽ അരങ്ങ് രാജസദസ്സിൽനിന്നു വീടിനകത്തേക്ക്, സഹോദരബന്ധത്തിന്റെ നൈർമല്യത്തിലേക്കു ചുവടു മാറുന്നു. കലോത്സവ വേദികളിലെ ചവിട്ടുനാടകങ്ങളിൽ അസുലഭമായ സ്ത്രീപക്ഷ അവതരണം. ഫലം എ ഗ്രേഡ്.

മലപ്പുറം ഇരിമ്പിളിയം എംഇഎസ് എച്ച്എസ്എസാണു ഹൈസ്കൂൾ വിഭാഗം അരങ്ങിൽ സ്ത്രീകഥാപാത്രത്തെ വെളിച്ചത്തിലേക്കു നീക്കിനിർത്തി ശ്രദ്ധ നേടിയത്. കഴിഞ്ഞ വർഷം സംസ്ഥാന കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയ അവതരണമാണിത്. ഇതേ കുട്ടികൾ, ഇതേ കഥാപാത്രങ്ങൾ.

നാടകം: പ്ലോരിപ്പീസ്. സന്ദർഭം: അലക്സാൺഡ്രിയയുടെ ചക്രവർത്തി അൾമിരാന്ദ് ജറുസലേം പിടിച്ചെടുക്കുന്നു. കാറൽമാൻ കുരിശുയുദ്ധത്തിലൂടെ ജറുസലേം വീണ്ടെടുക്കുന്നു. ഇതറിഞ്ഞു ക്ഷുഭിതനായ അൾമിരാന്ദ് മകൻ പെരബ്രാംസിനെ വിളിച്ചു വീണ്ടും യുദ്ധത്തിനു നിയോഗിക്കുന്നു. യുദ്ധഭൂമിയിലേക്കു പോകുന്നതിനു മുൻപു സഹോദരി പ്ലോരിപ്പീസിനെ കണ്ടു യാത്ര ചോദിക്കുന്നു.

എം.കീർത്തനയാണ് പ്ലോരിപ്പീസിനെ അവതരിപ്പിച്ചത്. അൾമിറാന്ദായി സീത, പെരബ്രാംസായി ആര്യ. കാറൽമാൻ ചരിത്രത്തിൽനിന്നുള്ള സന്ദർഭം പരിശീലിപ്പിച്ചതു ഫോർട്ട് കൊച്ചി സ്വദേശി ബ്രിട്ടോ വിൻസന്റ്. എഴുത്തും ബ്രിട്ടോയുടേത്.

ഹൈസ്കൂൾ വിഭാഗം പെൺകുട്ടികളുടെ മോണോ ആക്ടിൽ മത്സരിക്കാനെത്തിയവർക്കൊപ്പം നടൻ വിനോദ് കോവൂർ.

കുട്ടികൾ തിരിതെളിച്ചു; അവരുടെ അതിജീവന കലയ്ക്ക്

അതിജീവനകലയുടെ ഉത്സവത്തിനു തിരി തെളിക്കാനെത്തിയത് 59 കുട്ടിക്കലാകാരൻമാർ. രംഗകലകളുടെ വേഷമണിഞ്ഞെത്തിയ 59 കുട്ടികളാണു പ്രധാന വേദിയായ ലിയോ തേർട്ടീൻത് സ്കൂളിൽ മൺചിരാതുകളിലേക്കു വെളിച്ചം പകർന്നത്.

മന്ത്രിമാരായ സി.രവീന്ദ്രനാഥ്, ജി.സുധാകരൻ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു കലോത്സവ ദീപം തെളിച്ചത്. വിദ്യാഭ്യാസ മന്ത്രി സി.രവീന്ദ്രനാഥ്, പൊതു വിദ്യാഭ്യാസ ഡയറക്ടർ കെ.വി. മോഹൻകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ, മുനിസിപ്പൽ ചെയർമാൻ തോമസ് ജോസഫ് എന്നിവർ ചേർന്നാണ് കലോത്സവ പതാക ഉയർത്തിയത്.

കെ.സി.വേണുഗോപാൽ എംപി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ, കലക്ടർ എസ്.സുഹാസ്, നഗരസഭാധ്യക്ഷൻ തോമസ് ജോസഫ്, മത്സ്യഫെഡ് ചെയർമാൻ പി.പി.ചിത്തരഞ്ജൻ, ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ കെ.ടി.മാത്യു, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ദലീമ ജോജോ, നഗരസഭ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ ജി.മനോജ്കുമാർ, എ.എം.നൗഫൽ തുടങ്ങിയവർ അതിഥികളായെത്തി.

ആലപ്പുഴയിൽ സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഉദ്ഘാടന വേദിയിൽ വിവിധ വേഷങ്ങളണിഞ്ഞെത്തിയ വിദ്യാർഥികൾ ചിരാതിൽ തിരിതെളിക്കുന്നു. മന്ത്രിമാരായ സി.രവീന്ദ്രനാഥ്, ജി.സുധാകരൻ, നഗരസഭ അധ്യക്ഷൻ തോമസ് ജോസഫ്, കെ.സി.വേണുഗോപാൽ എംപി, കലക്ടർ എസ്.സുഹാസ് തുടങ്ങിയവർ സമീപം.

ചെലവു ചുരുക്കൽ: ആലപ്പുഴയെ മാതൃകയാക്കുമെന്നു മന്ത്രി

കലോത്സവങ്ങളിൽ ചെലവു ചുരുക്കലിന്റെ മാതൃകയായ ആലപ്പുഴ മോഡൽ അടുത്ത വർഷവും നടപ്പാക്കുന്നത് ആലോചിക്കുമെന്നു മന്ത്രി സി. രവീന്ദ്രനാഥ് പറഞ്ഞു. ആലപ്പുഴ കലോത്സവം ചെലവു ചുരുക്കലിനു നല്ല മാതൃകയാണ്. എന്നാലും കലോത്സവം സംബന്ധിച്ചു വിലയിരുത്തും. അതിനു ശേഷം ചെലവുചുരുക്കി കലോത്സവം നടത്തുന്നത് അടുത്ത വർഷവും തുടരണോ എന്നു തീരുമാനിക്കും. മൂന്നു ദിവസം കൊണ്ടാണു കലോത്സവം പൂർത്തിയാക്കുന്നത്.

ഇതിൽ ഒരു ദിവസത്തെ അധ്യയന ദിവസം മാത്രമാണു നഷ്ടം. ബാക്കി രണ്ടു ദിവസവും അവധി ദിനങ്ങളാണ്. ഇനങ്ങളിൽ പങ്കെടുക്കുന്നവരും ആർഭാടരഹിത രീതി പിന്തുടർന്നാൽ ചെലവു കുറയ്ക്കാൻ കഴിയും. കലോത്സവ മാനുവൽ പ്രകാരം വസ്ത്രധാരണത്തിനു പ്രത്യേക പരിഗണന ഇല്ല. വിധി നിർണയം സംബന്ധിച്ച പരാതികൾ ഒഴിവാക്കാൻ വിജിലൻസ് ശക്തമായ നിരീക്ഷണം നടത്തുന്നുണ്ട്. ഏതെങ്കിലും വിധികർത്താവിനെ കുറിച്ചുള്ള പരാതി സത്യമെന്നു തെളിഞ്ഞാൽ അയാളെ മാറ്റി നിർത്തും. കലോത്സവം ഉദ്ഘാടന ശേഷം മാധ്യമ പ്രവർത്തകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കളിയുടെ കഥയറിയാൻ: കലോത്സവ വേദിയിലെത്തിയ വിദേശികളായ ലൂണയും ഷാററും. കണ്ണൂർ മട്ടന്നൂർ എച്ച്എസ്എസിലെ കെ.എ ഗായത്രിയോട് കഥകളിയെക്കുറിച്ചു ചെറിയൊരന്വേഷണം.

ഇത്തവണയുമെത്തി കലാതീർഥാടകൻ

കലോത്സവം മുടങ്ങാത്തൊരു തീർഥാടനമാണ് നടൻ വിനോദ് കോവൂരിന്. ഇത്തവണ അത് ഹൈസ്കൂൾ പെൺകുട്ടികളുടെ മോണോആക്ട് വേദിയിലേക്ക്. ഒറ്റയാൾ പ്രകടനം കൊണ്ട് കാണികളെ കയ്യിലെടുക്കാറുള്ള വിനോദിനോട് മത്സരാർഥികൾക്കെല്ലാം ഒരു ചോദ്യമേയുള്ളായിരുന്നു 'എങ്ങനെയുണ്ടായിരുന്നു ഞങ്ങളുടെ അവതരണം'. പ്രതീക്ഷിക്കാത്തതായിരുന്നു മറുപടി. 'നിരാശനായാണ് ഞാൻ മടങ്ങുന്നത്. അതു നിങ്ങളുടെ അവതരണം ഇഷ്ടപ്പെടാഞ്ഞിട്ടല്ല. അത് നന്നായി ആസ്വദിക്കാനുള്ള സാഹചര്യം ഇവിടില്ല.' വളരെക്കുറച്ചുപേർക്കു മാത്രം ഇരിക്കാവുന്ന വേദിയൊരുക്കിയതിനോടും സംഭാഷണങ്ങൾ വ്യക്തമാകാത ശബ്ദവിന്യാസത്തോടുമുള്ള പ്രതിഷേധം വിനോദ് കോവൂർ മറച്ചു വച്ചില്ല. 'ഇതല്ല ചെലവുചുരുക്കൽ, ഭാവിയിലെ കലാകാരന്മാരെ അന്വേഷിച്ച് സംവിധായകർ എത്താറുള്ള വേദിയിൽ ഇപ്പോൾ മത്സരാർഥികൾക്കു പോലും ഇടമില്ല.'

അദ്യ മറുപടി കേട്ട് പരുഭവിച്ച കുട്ടികൾക്ക് ഒരു കോംപ്ലിമെന്റും കിട്ടി. 'ഞാനൊക്കെ പഠിക്കുമ്പോൾ മോണോ അക്ട് നിറയെ തമാശയായിരുന്നു. ഇപ്പോൾ ആർത്തവവും സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളും സാഹിത്യകൃതികളുമെല്ലാം വേദിയിലവതരിപ്പിച്ചു നിങ്ങൾ കയ്യടി വാങ്ങുന്നു. അതാണു വേണ്ടത്. മിടുക്കിക്കുട്ടികൾ.'

കേരളനടനം നടക്കുന്ന വേദിയിൽ മത്സരത്തിനു മുൻപ് സഹോദരനുമായി സ്നേഹം പങ്കിടുന്ന നർത്തകി.

റിപ്പോർട്ടുകൾ: സാക്കിർ ഹുസൈൻ, ആർ.കൃഷ്ണരാജ്, എം.എ.അനൂജ്, പ്രതീഷ് ജി.നായർ, കപിൽ രാജ്, സുബിൻ മാത്യു തോമസ്, രാജേഷ് നോയൽ, എസ്.അഖിൽ, സായൂജ്യ സെബാസ്റ്റ്യൻ, ആൽബിൻ രാജ്, നിഥിൻ സാമുവൽ

ചിത്രങ്ങൾ: റോബർട്ട് വിനോദ്, ജാക്സൺ ആറാട്ടുകുളം, അരുൺ ജോൺ, ഫഹദ് മുനീർ, അരവിന്ദ് വേണുഗോപാൽ, റെജു ആർനോൾഡ്, ജിൻസ് മൈക്കിൾ, വിഷ്ണു സനൽ.